**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2801** — **13-10-2021 - ൽ മറുപടിയ്ക്ക്**

**ഇക്കോ ടൂറിസം പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഇക്കോ ടൂറിസം പ്രോജക്ടുകളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | അംഗീകൃത വർക്കിംഗ് പ്ലാൻ, മാനേജ്മെന്റ് പ്ലാൻ, ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയും, 1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ടിനും മറ്റു വന നിയമങ്ങൾക്കും അനുസൃതമായിട്ടാണ് വനം വകുപ്പ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഇത്തരത്തിൽ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലായി നിലവിൽ 56 ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. കൂടാതെ, ഇക്കോ ടൂറിസം വകുപ്പിന്റെ മേൽനോട്ടത്തിൽ നേച്ചർ അപ്രീസിയേഷൻ & ഇന്റർ പ്രട്ടേറ്റീവ് ഇക്കോ ടൂറിസം പ്രോഗ്രാംസ് ഇൻ സൈലന്റ് വാലി നാഷണൽ പാർക്ക്, സന്ദർശക വാഹകശേഷി പഠനം, ചെറുചക്കിചോല  ഇക്കോടൂറിസം പദ്ധതി, ലൈറ്റ് & സൗണ്ട് ഷോ അറ്റ് തെന്മല, മാൻ പുനരധിവാസ കേന്ദ്രം, തെന്മല നവീകരണം, മുണ്ടേരിക്കടവ് ഇക്കോടൂറിസം പദ്ധതി, തെന്മല വെർച്വൽ റിയാലിറ്റി ഷോ,അപ്ഗ്രഡേഷൻ ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ അറ്റ് തെന്മല, പ്രകൃതി പഠനം, അരിപ്പ ഇക്കോടൂറിസം പദ്ധതി വിപുലീകരണം, മിയാവാക്കി എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പുതിയ ഇക്കോ ടൂറിസം പ്രോജക്ടുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | പുതിയ ഇക്കോ ടൂറിസം പ്രോജക്ടുകൾ ആരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല. വനനിയമങ്ങൾക്കനുസൃതമായും, ഫണ്ടിന്റെ ലഭ്യതയനുസരിച്ചും നിലവിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങൾ നവീകരിക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. ഇതിനായി 2020-21 സാമ്പത്തിക വർഷത്തിൽ 4406-01-800-91 Eco Tourism (Capital) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ അഞ്ച് കോടി (50,000,000/-) രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ ഒരു കോടി മുപ്പത്തൊൻപത് ലക്ഷത്തി |

| | | | |
|---|---|---|---|
| | | | അമ്പത്തി ഏഴായിരത്തി എഴുപത്തി അഞ്ച് രൂപ (1,39,57,075/-) ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഇക്കോ ടൂറിസം പ്രോജക്ടുകളുടെ നടത്തിപ്പിനായി ഇക്കോ ഡെവലപ്‌മെന്റ് കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | വനം വകുപ്പിന് കീഴിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ ഇക്കോ ഡെവലപ്‌മെന്റ് കമ്മിറ്റികൾ (EDC), വന സംരക്ഷണ സമിതികൾ (VSS) എന്നിവ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ടി ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റി/ വനസംരക്ഷണ സമിതി അംഗങ്ങൾ വനസംരക്ഷണ പ്രവർത്തന ങ്ങളോടൊപ്പം ഇക്കോടൂറിസം പരിപാടികളുടെ പ്രവർത്തനത്തിലും പരിപാലന ത്തിലും വനം വകുപ്പിനെ സഹായിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# വനം വകുപ്പ് നടപ്പാക്കുന്ന ഇക്കോടൂറിസം പദ്ധതികളുടെ ലിസ്റ്റ്

| നമ്പർ | ജില്ല | ഡിവിഷൻ | ഇക്കോടൂറിസം കേന്ദ്രത്തിന്റെ പേര് |
|---|---|---|---|
| 1. | പത്തനംതിട്ട | റാന്നി | ആങ്ങമൂഴി |
| 2. | പത്തനംതിട്ട | കോന്നി | കോന്നി ആനത്താവളം |
| 3. | പത്തനംതിട്ട | കോന്നി | അടവി |
| 4. | പത്തനംതിട്ട | കോന്നി | കാട്ടാത്തി |
| 5. | പത്തനംതിട്ട | കോന്നി | കല്ലേലി-കടമ്പുപാറ |
| 6. | കൊല്ലം | തെൻമല | പാലരുവി |
| 7. | കൊല്ലം | അച്ചൻകോവിൽ | മണലാർ-കുംഭാവുരുട്ടി |
| 8. | കൊല്ലം | ശെന്തുരുണി | ശെന്തുരുണി |
| 9. | തിരുവനന്തപുരം | തിരുവനന്തപുരം വൈൽഡ്ലൈഫ് | നെയ്യാർ |
| 10. | തിരുവനന്തപുരം | തിരുവനന്തപുരം വൈൽഡ്ലൈഫ് | പേപ്പാറ |
| 11. | തിരുവനന്തപുരം | തിരുവനന്തപുരം വൈൽഡ്ലൈഫ് | കോട്ടൂർ |
| 12. | തിരുവനന്തപുരം | തിരുവനന്തപുരം | പൊൻമുടി |
| 13. | തിരുവനന്തപുരം | തിരുവനന്തപുരം | കല്ലാർ |
| 14. | തിരുവനന്തപുരം | തിരുവനന്തപുരം | മങ്കയം |
| 15. | കോട്ടയം | കോട്ടയം | ചെല്ലാർകോവിൽ |
| 16. | കോട്ടയം | കോട്ടയം | കാൽവരിമൗണ്ട് |
| 17. | ഇടുക്കി | കോതമംഗലം | തൊമ്മൻകുത്ത് |
| 18. | ഇടുക്കി | കോതമംഗലം | മീനുഴിഞ്ഞൻപാറ |
| 19. | ഇടുക്കി | മാങ്കുളം | വിരിപ്പാറ |
| 20. | ഇടുക്കി | മറയൂർ | മറയൂർ ആനക്കോട്ടപ്പാറ |
| 21. | ഇടുക്കി | മറയൂർ | രാജീവ്ഗാന്ധി നേച്ചർ പാർക്ക് |
| 22. | ഇടുക്കി | പെരിയാർ ടൈഗർ റിസർവ്വ് (ഈസ്റ്റ്) | പെരിയാർ ടൈഗർ റിസർവ്വ് |
| 23. | ഇടുക്കി | മൂന്നാർ വൈൽഡ്ലൈഫ് | ഇരവികുളം നാഷണൽ പാർക്ക് |
| 24. | ഇടുക്കി | മൂന്നാർ വൈൽഡ്ലൈഫ് | ഷോല നാഷണൽ പാർക്ക് |
| 25. | ഇടുക്കി | മൂന്നാർ വൈൽഡ്ലൈഫ് | ചിന്നാർ സാങ്ച്വറി |
| 26. | തൃശ്ശൂർ | വാഴച്ചാൽ | അതിരപ്പിള്ളി |
| 27. | തൃശ്ശൂർ | പീച്ചി | ചിമ്മിനി |
| 28. | എറണാകുളം | മലയാറ്റൂർ | മുളങ്കുഴി |
| 29. | എറണാകുളം | മലയാറ്റൂർ | പാണിയേലി പോര് |
| 30. | എറണാകുളം | മലയാറ്റൂർ | കോടനാട് ആനത്താവളം |
| 31. | പാലക്കാട് | പാലക്കാട് | ധോണി |
| 32. | പാലക്കാട് | പാലക്കാട് | മീൻവല്ലം |
| 33. | പാലക്കാട് | പാലക്കാട് | അനങ്ങൻമല |

Y:\ED&TW\LA\Ecotourism Points District wise List Malayalam Latest-56 Division wise.docx

| നമ്പർ | ജില്ല | ഡിവിഷൻ | ഇക്കോടൂറിസം കേന്ദ്രത്തന്റെ പേര് |
|---|---|---|---|
| 34. | പാലക്കാട് | നെന്മാറ | മിന്നാമ്പാറ |
| 35. | പാലക്കാട് | സൈലന്റ് വാലി | സൈലന്റ് വാലി |
| 36. | പാലക്കാട് | പറമ്പിക്കുളം കടുവാ സങ്കേതം | പറമ്പിക്കുളം കടുവാ സങ്കേതം |
| 37. | മലപ്പുറം | നിലമ്പൂർ സൗത്ത് | നെടുങ്കയം |
| 38. | മലപ്പുറം | നിലമ്പൂർ നോർത്ത് | ആഡ്യൻപാറ |
| 39. | മലപ്പുറം | നിലമ്പൂർ നോർത്ത് | കോഴിപ്പാറ |
| 40. | കണ്ണൂർ | കണ്ണൂർ | പൈതൽമല |
| 41. | കണ്ണൂർ | ആറളം | ആറളം വന്യജീവി സങ്കേതം |
| 42. | കണ്ണൂർ | കണ്ണൂർ | കാഞ്ഞിരംകൊല്ലി |
| 43. | കോഴിക്കോട് | കോഴിക്കോട് | കാക്കവയൽ |
| 44. | കോഴിക്കോട് | കോഴിക്കോട് | തുഷാരഗിരി |
| 45. | കോഴിക്കോട് | കോഴിക്കോട് | കക്കയം |
| 46. | കോഴിക്കോട് | കോഴിക്കോട് | പെരുവണ്ണാമൂഴി |
| 47. | കോഴിക്കോട് | കോഴിക്കോട് | ജാനകിക്കാട് |
| 48. | വയനാട് | സൗത്ത് വയനാട് | പാക്കം-കുറുവ |
| 49. | വയനാട് | സൗത്ത് വയനാട് | ബാണാസുരമല മീൻമുട്ടി |
| 50. | വയനാട് | സൗത്ത് വയനാട് | സൂചിപ്പാറ |
| 51. | വയനാട് | സൗത്ത് വയനാട് | ചെമ്പ്രപീക്ക് |
| 52. | വയനാട് | നോർത്ത് വയനാട് | തിരുനെല്ലി-പക്ഷിപാതാളം |
| 53. | വയനാട് | നോർത്ത് വയനാട് | മുനീശ്വരൻ കുന്ന് |
| 54. | വയനാട് | വയനാട് വൈൽഡ്‌ലൈഫ് | തോൽപ്പെട്ടി |
| 55. | വയനാട് | വയനാട് വൈൽഡ്‌ലൈഫ് | മുത്തങ്ങ |
| 56. | കാസറഗോഡ് | കാസറഗോഡ് | റാണിപുരം |